**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 81** **29-08-2022 - ൽ മറുപടിയ്ക്ക്**

**വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | വനപ്രദേശങ്ങളിൽ മാലിന്യം നിക്ഷേപിക്കുവാൻ സാദ്ധ്യതയുള്ള സ്ഥലങ്ങൾ മുൻകൂട്ടി കണ്ടുപിടിച്ച് പ്രതിരോധിക്കുന്നതിനുവേണ്ടി സംരക്ഷണവിഭാഗം ജീവനക്കാരുടെ നേതൃത്വത്തിൽ ദിവസവേതന വാച്ചർമാരുടെയും വനസംരക്ഷണ സമിതി (വി.എസ്.എസ്) / ഇക്കോ ഡവലപ്മെന്റ് കമ്മിറ്റി(ഇ.ഡി.സി.) അംഗങ്ങളുടെയും സഹായത്തോടെ ബന്ധപ്പെട്ട വനമേഖലകളിലും പാതയോരങ്ങളിലും സ്വകാര്യഭൂമിയുമായി അതിർത്തി പങ്കിടുന്ന വനപ്രദേശങ്ങളിലും രാത്രിയും പകലും സഞ്ചരിക്കുകയും, പട്രോളിംഗ്, റെയിഡുകൾ എന്നിവയും സംഘടിപ്പിച്ചു വരുകയും ചെയ്യുന്നുണ്ട്. മാലിന്യം നിക്ഷേപിക്കാൻ സാദ്ധ്യതയുള്ളതും വിജനവുമായ വന പ്രദേശങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. വനത്തിനുള്ളിലേക്ക് മാലിന്യം കടത്തിക്കൊണ്ട് പോകുന്നത് തടയുന്നതിനായി ചെക്ക് പോസ്റ്റുകളിൽ പരിശോധന കർശനമാക്കിയിട്ടുണ്ട്. ഇക്കോടൂറിസം കേന്ദ്രങ്ങളിൽ മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് പ്രൊജക്ട് ഗ്രീൻഗ്രാസ് പദ്ധതി പ്രകാരം ദിവസവേതന വാച്ചർമാരെ നിയോഗിച്ച് വരുന്നുണ്ട്. വനമേഖലകളിൽ മാലിന്യങ്ങൾ നിക്ഷേപിച്ചാലുണ്ടാകുന്ന ഭവിഷ്യത്തുകളെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചും, ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിച്ച് മാലിന്യ നിക്ഷേപത്തിനെതിരായി പൊതുജനാവബോധം വർദ്ധിപ്പിക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കുറ്റവാളികൾക്കെതിരെ ഒ.ആർ കേസുകൾ രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | വനത്തിന് സമീപത്തുകൂടി കടന്നുപോകുന്ന പാതയോരങ്ങളിലും വനമേഖലയിലും രാത്രിയിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ; | (ബി) | നിലവിൽ വനമേഖലയിലും വനപ്രദേശത്തും കൂടി കടന്നുപോകുന്ന പാതയോരങ്ങളിലും മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനായി വനമേഖലകളിൽ നിരന്തരമായ പട്രോളിംഗും മറ്റു പരിശോധനകളും നടത്തി വരുന്നു. മാലിന്യ നിക്ഷേപ സാധ്യതയുള്ള പ്രദേശങ്ങളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതും, വനത്തിൽ മാലിന്യം നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ നിലവിലുള്ള വനം-വന്യജീവി നിയമങ്ങളക്കനുസൃതമായി കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. |
| (സി) | വനമേഖലയിലൂടെ കടന്നുപോകുന്ന റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് അനുമതി നൽകുമ്പോൾ സംരക്ഷണ വേലികൾ കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയാറാക്കുന്നത് നിർബന്ധമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | വനമേഖലയിൽ ഇത്തരം സംരക്ഷണ വേലികൾ നിർമ്മിക്കുമ്പോൾ വന്യമൃഗങ്ങളുടെ സ്വാഭാവിക സഞ്ചാരത്തിനും, വിഹാരത്തിനും തടസ്സം ഉണ്ടാവുകയും തദ്വാര മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിക്കുന്നതിന് സാധ്യതയുള്ളതിനാൽ ഇത്തരം വേലികൾ നിർമ്മിക്കുന്നത് നിർബന്ധമാക്കുന്നത് പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ